# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം- ഡോ. ശരത് തോമസ് റോയ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 919/2026 മ്മേലുള്ള 11.06.2026 തീയതിയിലെ ഉത്തരവ്- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 919/2026 മ്മേലുള്ള 11.06.2026 തീയതിയിലെ ഉത്തരവ്

2. ഉത്തരവ് നം. DHS/1846/2026-EB1 തീയതി 05.03.2026

3. ഉത്തരവ് നം. DHS/10129/2026-EB1 തീയതി : 02.06.2026

4. ഡോ. ശരത് തോമസ് റോയ് 02.06.2026, 07.06.2026 തീയതികളിലായി സമർപ്പിച്ച അപ്പീൽ അപേക്ഷ

**ഉത്തരവ് നം. DHS/13029/2026-EB1 തീയതി : 24-06-2026**

പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച 2026 ലെ പൊതു സ്ഥലം മാറ്റത്തിനായുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ കരട് ലിസ്റ്റിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ശരത് തോമസ് റോയ്-യ്ക്ക് പകരം മറ്റൊരു മെഡിക്കൽ ആഫീസറെ നിയമിക്കുന്നതിന് പരിഗണിച്ച് ഉത്തരവായിരുന്നു. ആയതിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 919/2026 ഫയൽ ചെയ്യുകയും ആയതിന്റെ പരാമർശം (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പായി ഡോ. ശരത് തോമസ് റോയ് Annexure A4 & A5 ആയി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തീരുമാനം കൈക്കൊള്ളണമെന്നും ഉത്തരവായിട്ടുണ്ട്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നിലവിൽ വന്ന സാഹചര്യത്തിൽ ഡോ. ശരത് തോമസ് റോയ് ഫയൽ ചെയ്ത OA 1292/2023-ന്റെ 24.02.2026 തീയതിയിലെ ഇടക്കാല ഉത്തരവിൽ ടിയാൾ Annexure A10 ആയി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അനുപാലന ഉത്തരവ്

പുറപ്പെടുവിക്കാനും അതു വരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ഒഴിവ് നികത്തരുതെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു. ടി സാഹചര്യത്തിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് മറ്റാരുടെയും അപേക്ഷകൾ ഇല്ലാതിരുന്നതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ. ശരത് തോമസ് റോയ് -യ്ക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിയമനം നല്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2026 ലെ പൊതു സ്ഥലം മാറ്റത്തിൽ കൂടുതൽ യോഗ്യരായ മറ്റ് മെഡിക്കൽ ആഫീസർമാർ പത്തനംതിട്ട ജനറൽ ആശുപത്രി ഓപ്ഷനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആവശ്യമെങ്കിൽ ടി സ്ഥലം മാറ്റം പുന പരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥ കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നു.

2026 ലെ പൊതു സ്ഥലം മാറ്റത്തിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡോ. മനു. പി.എസ് 5-ാമത്തെ ഓപ്ഷൻ ആയി പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയും ടിയാൾക്ക് കരട് ലിസ്റ്റിൽ ടി സ്ഥാപനം അനുവദിക്കേണ്ട സാഹചര്യവും ഉണ്ടായി.

പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ. ശരത് തോമസ് റോയ് Annexure A4 & A5 ആയി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ തന്നെ ടിയാളെ നിലനിർത്തണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. 05-03-2026 ന് ടിയാൾക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിയമനം നല്കിയ സാഹചര്യത്തിൽ ടി സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് മറ്റാരുടെയും അപേക്ഷകൾ ഉണ്ടായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ആണ് ജൂനിയർ കൺസൽട്ടന്റ് ആയി Placement ലഭിച്ച് 06/02/2026 തീയതിയിൽ പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച ഡോ. ശരത് തോമസ് റോയ്-യ്ക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നല്കിയത്. 2026 ലെ പൊതു സ്ഥലം മാറ്റത്തിൽ കൂടുതൽ യോഗ്യരായ മറ്റ് മെഡിക്കൽ ആഫീസർമാർ പത്തനംതിട്ട ജനറൽ ആശുപത്രി ഓപ്ഷനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആവശ്യമെങ്കിൽ ടി സ്ഥലം മാറ്റം പുന പരിശോധിക്കുന്നതാണ് എന്ന വ്യവസ്ഥ കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നു. ടി സ്ഥാപനത്തിലേയ്ക്ക് പൊതു സ്ഥലം മാറ്റത്തിന് യോഗ്യതയുള്ള സീനിയറായ മറ്റൊരു മെഡിക്കൽ ആഫീസറിന്റെ അപേക്ഷ പരിഗണിക്കേണ്ടതുള്ളതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാൻ

കഴിയില്ല.

മേൽ സാഹചര്യത്തിൽ ഡോ. ശരത് തോമസ് റോയ് സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA 919/2026** മേലുള്ള **11.06.2026** തീയതിയിലെ ഉത്തരവ് മേൽപ്രകാരം അനുപാലനം ചെയ്തിരിക്കുന്നു.

Digitally signed by
Meenakshy V
Date: 24-06-2026
17:17:50

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. ശരത് തോമസ് റോയ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ, ജനറൽ ആശുപത്രി, പത്തനംതിട്ട

പകർപ്പ് :
1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്